# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൂർക്കനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം27/1760/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 28/01/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂർക്കനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം27/1760/2021 തീയ്യതി: 28/01/2022

## മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 15-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ് പി, ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൾ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിനീത.പി.പി, ഓഡിറ്റർ
ശ്രീമതി.ഷീബ പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. രാജഗോപാലൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീമതി.രശ്മി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 20-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുധീഷ് ബാബു. ആർ | സെക്രട്ടറി | 01-04-2020 | 04-02-2021 |
| ശ്രീമതി.ഗീത. പി. പി | സെക്രട്ടറി ഇൻ ചാർജ്ജ് | 05-02-2021<br>10-03-2021 | 14-02-2021<br>31-03-2021 |
| ശ്രീ.പരമേശ്വരൻ. പി.ഡി | സെക്രട്ടറി | 15-02-2021 | 09-03-2021 |
| ശ്രീമതി.ഗീത.പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.റൂബി വിദ്യാദരൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. റഷീദ.എൻ | വി. ഇ.ഒ | 01-04-2020 | 30-09-2020 |
| ശ്രീമതി. ഉഷ | വി. ഇ.ഒ | 01-10-2020 | 31-03-2021 |
| ശ്രീമതി. ഷെമീറ മോൾ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ. അസൈനാർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീമതി നസീമ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡെൻസി പി സൈമൺ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. സമീറലി എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ഷെറിൻ ബീഗം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 07-01-2021 |
| ശ്രീ. ജിതേഷ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീ.ചാർജ്) | 08-01-2021 | 02-02-2021 |
| ശ്രീമതി. തനു പി വി | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീ.ചാർജ്) | 03-02-2021 | 25-02-2021 |
| ശ്രീമതി. സമിത വി | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീ.ചാർജ്) | 26-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SHEEBA P (Auditor, On 27-10-2021)<br>Last Updated By: SHEEBA P (Auditor, On 28-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 28-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 29-10-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 28-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-11 |
| 12 | മരാമത്ത് പ്രവ്യത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 35590രൂപ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-12 |
| 13 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 1-13 |
| 14 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല<br>Written By: Vineetha P P (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-14 |
| 15 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 06-01-2022) | |
| 16 | സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 1-16 |
| 17 | മുൻ ക്ലൂർ ക്രമീകരിക്കാത്തത്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-17 |
| 18 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 1-18 |
| 19 | വാട്ടർ അതോറിറ്റിയിൽ നിക്ഷേപം വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-19 |
| 20 | അംഗൻ വാടികളിൽ കുടിവെള്ള കണക്ഷൻ -വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-19-1 |
| 21 | കക്കൂസ് നവീകരണം-അപാകതകൾ<br>Written By: Prasad (Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-20 |
| 22 | കോഴിവളർത്തൽ (വനിത) അപാകതകൾ.<br>Written By: Prasad (Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 1-21 |
| 23 | കോഴിവളർത്തൽ ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല-223300/- തടസ്സപ്പെടുത്തുന്നു<br>Written By: Prasad (Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-22 |
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-23 |
| 25 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ മുഴുവൻ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 06-01-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Vineetha P P (Auditor, On 27-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Vineetha P P (Auditor, On 27-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 29-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineetha P P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vineetha P P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vineetha P P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineetha P P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 22-12-2021) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No. 1(1)/19.02.2020 | |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 15.06.2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 39630307 |
| വരവ് | 82861341 |
| ആകെ | 122491648 |
| ചെലവ് | 102820465 |
| നീക്കിയിരിപ്പ് | 19671183 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14194118 | 14194118 | 13639974 | 554144 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7523000 | 7523000 | 7219961 | 303039 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10208000 | 10208000 | 9395425 | 812575 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4630686 | 4630686 | 4629489 | 1197 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7986472 | 7986472 | 7452364 | 534108 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 6290000 | 6290000 | 4231800 | 2058200 |
| ബി ഫണ്ട് | --- | 65971093 | 65971093 | 65971093 | |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 151286215 | 204 | 66243823 | 10 | 67 | 72.5 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 73308 | 971770 | 1045078 | 874216 | 170862 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | --- | 14208000 | 14208000 | 14208000 | --- |
| ആകെ | 73308 | 15179770 | 15253078 | 15082216 | 170862 |

MGNREGS --ൽ നിന്നും ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവായ 17162000 രൂപയിൽ നിന്നും മെറ്റീരിയൽ തുക 2954000രൂപ കുറവ് ചെയ്യുമ്പോഴുള്ള 14208000 രൂപയുടെ കൂടെ Admin ചെലവ് 874216 രൂപ കൂട്ടിയാൽ 15082216വാർഷിക ധനകാര്യ പത്രികയിൽ ചെലവായി ചേർക്കേണ്ടത്.എന്നാൽ 16077794 രൂപ ചേർത്തിട്ടുണ്ട്

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 23280 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 3850800 | 252 |
| വിധവാപെൻഷൻ | 25723100 | 1692 |
| വാർദ്ധക്യകാലപെൻഷൻ | 27315700 | 2047 |
| വികലാംഗപെൻഷൻ | 7575300 | 496 |
| വിവാഹ ധന സഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 921600 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2021 ന് 3.20 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക 20493/-. എന്നാൽ ഡേ ബുക്ക് പ്രകാരമുള്ള തുക 20,485/- രൂപയാണ്. നീക്കിയിരുപ്പിൽ 8 രൂപ കൂടുതലായി കാണുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണ്ണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
5. നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാവരും കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കാഷ് ബുക്ക് കൈകാര്യം ചെയ്യുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്ററുകൾ ഉൾപ്പെടെ എല്ലാ രജിസ്റ്ററുകളും തുടർച്ചയായും, വോല്യം നമ്പർ നൽകിയും സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08 .2021 മുതൽ 25.08.2021 വരെ | 4/2021 മുതൽ 5/2025 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-09-2017 | 2012-13 മുതൽ 2016-17 വരെ | 04-10-2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2020-21 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബാങ്ക് ബുക്കുകൾ, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. തൊഴിൽ നികുതി, ലൈസൻസ്, എന്നീ രജിസ്റ്ററുകൾ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.MGNREGS ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 17162000രൂപയിലെ മെറ്റീരിയൽ തുക 2954000 രൂപ കുറവ് ചെയ്തതിന് ശേഷം ആകെ ചെലവ് 14208000രൂപയുടെ കൂടെ Admin ചെലവ് 874216 രൂപ കൂട്ടിയാൽ 15082216രൂപയാണ് ആകെ ചെലവായി ചേർക്കേണ്ടത്. എന്നാൽ AFS -ൽ 16077794 രൂപയാണ്.

4. 2019-20 AFS B-15 പ്രകാരം കെട്ടിട നികുതി ബാലൻസ് 724537 (399401+325136), കുടിശിക 44209 (6955+37254) ഉൾപ്പെടെ 768746 ആണ്. എന്നാൽ സഞ്ചയ പ്രകാരം 2020-21 കുടിശിക ഡിമാന്റ് 1893806 രൂപ.

5. 2020-21 AFS RP-43 പ്രകാരം കെട്ടിട നികുതി കുടിശിക കളക്ഷൻ 1580362 (304281+1276081) എന്നാൽ സഞ്ചയ പ്രകാരം 1580123 രൂപ.

6. 2020-21 AFS പ്രകാരം കെട്ടിട നികുതി തൻവർഷത്തെ കളക്ഷൻ 3578574(1550394+2028180). എന്നാൽ സഞ്ചയ പ്രകാരം 3601335 രൂപ.

7. 2020-21 B-15 പ്രകാരം കെട്ടിട നികുതി തൻവർഷത്തെ ബാലൻസ് 939331 (558406+380925) എന്നാൽ സഞ്ചയ പ്രകാരം 939369 രൂപ.

8. 2020-21 AFS B-15 പ്രകാരം കെട്ടിട നികുതി കുടിശ്ശിക ബാലൻസ് 333184 (161467 + 171717). എന്നാൽ സഞ്ചയ പ്രകാരം 333197.

9. സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയിലെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് B-4 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകയും പൊരുത്തമില്ല.

## 1-12 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 35590രൂപ തിരിച്ചടവാക്കി.

1.സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അംഗൻവാടികളുടെ മെയിന്റനൻസ്, വെങ്ങാട് മൂർക്കനാട് ഭാഗം എന്ന പ്രവൃത്തിയുടെ (234/21) ഭാഗമായി കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ

വർക്ക് ചെയ്തതിന് ട്രസ്സ് DSR 50.10.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി സിംഗിൾ സെക്ഷൻ ആണെന്ന് മനസ്സിലായി. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15 /20-21/28.10.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ 10922 രൂപ ഗ്രാമ പഞ്ചായത്തിൽ തിരിച്ചടച്ചു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|
| അംഗൻവാടികളുടെ മെയിന്റനൻസ്, വെങ്ങാട്<br>മൂർക്കനാട് ഭാഗം എന്ന പ്രവൃത്തിയുടെ (234/21)<br>കരാറുകാരൻ ശ്രീ. എം.വി.രാജേഷ്<br>കരാർ 91/7.11.2019<br>ബിൽ. 35/25.10.2020 തുക 417898 | 10922 | 121030102525/30.10.2021 |

2.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.40 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് വിവിധ പ്രവൃത്തികളിൽ 611.79/$m^2$, 617.10/$m^2$, 604.80/$m^2$,എന്നീ നിരക്കുകളാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിരുന്നത്. ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകിയതായി ശ്രദ്ധയിൽപെട്ടു.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 7 /20-21 /26.10.2021 14/20-21 /28.10.2021നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക ചുവടെ കാണിച്ച രസീതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|
| അംഗൻവാടികളുടെ മെയിന്റനൻസ് - വെങ്ങാട്, മൂർക്കനാട് ഭാഗം (234/21)<br>ബിൽ 35/25.10.2020 തുക 417898<br>കരാർ 96/2.9..2019<br>കരാറുകാരൻ ശ്രീ.എം.വി.രാജേഷ് | 6378 | 121030102526/<br>30.10.21 |
| കൃഷി ഭവൻ പുനരുദ്ധാരണം (219/21)<br>ബിൽ 17/4.5.2020 തുക 439562<br>കരാർ 98/2.9..2019<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവ് പുസ്തകം 78/19-20<br>കോൺട്രാക്ടർ ശ്രീ എം.വി. രാജേഷ് | 5348 | 121030102527/<br>30.10.21 |
| അഹമ്മദ് കുരിക്കൾ സ്മാരക വ്യവസായ കെട്ടിടം റിപ്പയർ (227/21)<br>ബിൽ 15/4.5.2020 തുക 300000 | 3785 | 121030102530/<br>30.10.21 |

| | | |
|---|---|---|
| ബിൽ 16/4.5.2020 തുക 300000<br>വൗച്ചർ 90 /19-20 തുക 9256<br>കരാർ 81/14.10.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് മുസ്തഫ | | |
| മൃഗാശുപത്രി മെയിന്റനൻസ് (215/21)<br>ബിൽ /13.1.2021 തുക 489490<br>ചെക്ക് 2769525/5.3.2020 തുക 200000 (19-20)<br>കരാർ 113/16.11.2019<br>ശ്രീ കോൺട്രാക്ടർ ശ്രീ.അമീർ ഫൈസൽ | 4659 | 121030102531/<br>30.10.21 |
| | 20170 | |

3. യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാ ക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരിച്ചടവാക്കി

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിരുന്നില്ല.

ഓഡിറ്റ് എൻക്വയറി 6/20-21/25.10.2021 നൽകിയതിനെ തുടർന്ന് തുക അടവാക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ | രസീത് |
|---|---|---|---|---|
| മായിരമംഗലം പാറമ്മലങ്ങാടി റോഡ് റീടാറിങ് (224/21)<br>ബിൽ 24/1.6.2020 തുക 249962<br>കരാർ 51/27.9.2019<br>കോൺട്രാക്ടർ ശ്രീ കെ.മൂസ്സ | 20.8.2019<br>29.8.2019 | 27.9.2019 | 2500 | 121030102435/<br>26.10.2021 |
| കോലാർകുന്ന് കോൽതടം പപ്പടപടി റോഡ് റീടാറിങ് (212/21)<br>ബിൽ 29/1.6.2020 തുക 197764<br>കരാർ 49/27.9.2019 | 20.8.2019<br>29.8.2019 | 27.9.2019 | 1978 | 121030102436/<br>26.10.2021 |

| | | | | |
|---|---|---|---|---|
| കോൺട്രാക്ടർ ശ്രീ മുഹമ്മദ് ഷംജിത്ത് | | | | |
| | | | 4478 | |

## 1-13 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ ഗ്രാമ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

ഇ-ടെണ്ടർ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോം വില സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നതാണെങ്കിലും ഗ്രാമ പഞ്ചായത്ത് നാളിത് വരെയായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. മുൻ വർഷങ്ങളിലും ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് തുക ലഭിക്കാനുള്ളതായി ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം മറ്റ് സ്ഥാപനങ്ങളിൽ അടവാക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതും നാളിത് വരെയായി ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട ടെണ്ടർഫീ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2020-21 വർഷത്തിൽ ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരങ്ങളും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| 1 | പീത്തിനിപ്പാറ തോറ റോഡ് ഇംപ്രൂവ്മെന്റ് | 1000000 | 2 പേർ | 2000 | 4000 |
| 2 | ഓണപ്പട ചീരമ്പത്തൂർ പരമ്പിൽ റോഡ് ഇംപ്രൂവ്മെന്റ് | 1000000 | 4 പേർ | 2000 | 8000 |
| 3 | കരുവള്ളിക്കുന്ന് കുറുമ്പിനിക്കാട് റോഡ് ഇംപ്രൂവ്മെന്റ് | 1000000 | 2പേർ | 2000 | 4000 |
| 4 | പൊട്ടിക്കുഴി മുണ്ടുമ്മൽകുന്ന് റോഡ് ഇംപ്രൂവ്മെന്റ് | 1500000 | 5 പേർ | 2500 | 12500 |
| 5 | വെങ്ങാട് പുറമണ്ണൂർ റോഡ് ഇംപ്രൂവ്മെന്റ് | 1000000 | 4 പേർ | 2000 | 8000 |
| 6 | പരിച്ചക്കുഴി ചെമ്പൻകുന്ന് റോഡ് ഇംപ്രൂവ്മെന്റ് | 1000000 | 4പേർ | 2000 | 8000 |
| 7 | മറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ കെട്ടിട നിർമ്മാണം (282/21) | 1750000 | 2 പേർ | 2500 | 5000 |
| 8 | ചന്തപ്പടി വടക്കേകുളമ്പ് റോഡ് ഇംപ്രൂവ്മെന്റ് | 1500000 | 2പേർ | 2500 | 5000 |
| | ആകെ | | | | 54500 |

ഓഡിറ്റ് എൻക്വയറി 18 /2020-21/29.10.2021 നൽകിയതിന് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-14 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (പിഎച്ച്സി) മരുന്ന് വാങ്ങലിനായി ഏറ്റെടുത്ത പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും

ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജെക്ട് നമ്പർ/പേര് | തുക | ബിൽ നമ്പർ/തിയതി | ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് നമ്പർ/ വില | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 153/21 പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ | 298058 മെയിന്റനൻസ് ഫണ്ട് | 261 Dtd:06.01.2021 | 30197:08.02.2021 | 80513 | 37451 |
| | | | 32402:16.02.2021 | 115373 | |
| | | | 44428:21.03.2021 | 66513 | |
| | | | 1734:24.05.2021 | 58068 | |
| | | | ആകെ | 260607 | |
| | 100000 (തനത് ഫണ്ട്) | 2555024/ 30.12.20 | 44617:27.03.2021 | 8949 | 15114 |
| | | | 9:13.04.2021 | 6045 | |
| | | | 135:13.04.2021 | 17737 | |
| | | | 44619:27.03.2021 | 10831 | |
| | | | 511:18.07.2021 | 2653 | |
| | | | 3851:18.07.2021 | 12733 | |
| | | | 4472:02.08.2021 | 25938 | |
| ആകെ | | | | 84846 | 52565 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 02/2020-21 ഓഡിറ്റന്വേഷണത്തിന്, വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. സ്ഥാപനത്തിലേക്കാവശ്യമായതും ലഭ്യമായതുമായ മറ്റ് മരുന്നുകൾ നൽകി കൊണ്ട് അവശേഷിക്കുന്ന തുക തീർപ്പാക്കാമെന്നും കാരുണ്യ ഫാർമസിയിൽ നിന്നും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 52,565/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

2020-21 ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധ പദ്ധതികൾക്കായി Source Deduction ആയി കുറവ് ചെയ്ത 1942882 രൂപ ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ചെലവായി കണിക്കുകയും ചെയ്തു. വരവ് കാണിക്കാതെ ചെലവ് കാണിച്ചതിനാൽ നീക്കിയിരിപ്പ് മൈനസ് ബാലൻസായി. 1388738രൂപ മൈനസ് ബാലൻസായാണ് നീക്കിയിരിപ്പ് കാണുന്നത്.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി | തുക |
|---|---|---|---|
| 1 | 331/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 511000 |
| 2 | 332/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 511000 |
| 3 | 333/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 511000 |
| 4 | 334/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 204941 |

| | | | |
|---|---|---|---|
| 5 | 335/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 204941 |
| | ആകെ | | 1942882 |

## 1-16 സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്

സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനുവേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി തുക ഇതിനുവേണ്ടി തുടങ്ങിയ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 2020-21 വർഷത്തിലെ ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | നീക്കിയിരിപ്പ് |
|---|---|
| 320700204 | 2553446 |
| 320700205 | 84275 |
| ആകെ | 2637721 |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.07.2017 ലെ സ. ഉ (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്തംബർ 30 – നു മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന് മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28 – നു മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2020-21 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ – 4 പ്രകാരം 31.3.2021 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2553446 /- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 84275 രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളാണ് സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം സയുക്ത പ്രോജക്ടിനുള്ള ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ ഈ ബാലൻസ് തുക മുഴുവനായും ഇല്ല. 31.03.2021ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 604205 രൂപ മാത്രമാണ് .
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 മുൻ കൂർ ക്രമീകരിക്കാത്തത്

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്കായി നൽകിയ താഴെപ്പറയുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചതായി കാണുന്നില്ല.വിശദ വിവരം ചുവടെ

| നിർവ്വഹണോദ്യോഗസ്ഥൻ | തുക | വൗച്ചർ നം.തിയ്യതി | ചെലവ് വിവരം |
|---|---|---|---|
| കൃഷി ഓഫീസർ | 50000 | 21800400/10.10.18 | കണ്ടിജന്റ് ചെലവ് |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10000 | 21800430/17.10.18 | കണ്ടിജന്റ് ചെലവ് |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20000 | 21900549/13.11.19 | കണ്ടിജന്റ് ചെലവ് |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 15000 | 22000625/4.11.20 | കണ്ടിജന്റ് ചെലവ് |
| കൃഷി ഓഫീസർ | 25000 | 22000635/12.11.20 | കണ്ടിജന്റ് ചെലവ് |

മുൻകൂർ ഇതുവരെയും ക്രമീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.23/30.10.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് അപേക്ഷയുടെ അഭാവത്തിൽ തന്നെ 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസ നിധി രൂപീകരികരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ് . (ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.9/20-21/28.10.21 നൽകിയതിന് ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി)

## 1-19 വാട്ടർ അതോറിറ്റിയിൽ നിക്ഷേപം വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2020-21 സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പ്പറയുന്ന പദ്ധതികളുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതി | തുക | ബിൽ നം./വൗച്ചർ നം/തിയ്യതി |
|---|---|---|---|
| 1 | പള്ളിയാൽ കുളമ്പ് മൃഗാശുപത്രി പൈപ്പ് ലൈൻ നീട്ടൽ KWA യിൽ അടവാക്കിയത്(പ്രൊജക്ട് നം.258/21) | 700000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 9/21.8.20 |
| 2 | വെങ്ങാട് ഇ.എം.എസ് | 600000 | 24/28.3.21 |

| | | | |
|---|---|---|---|
| | കോളനിയിലേക്ക് പൈപ്പ് ലൈൻ നീട്ടൽ KWA യിൽ അടവാക്കിയത്(പ്രൊജക്ട് നം.319/21) | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| 3 | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ KWA യിൽ അടവാക്കിയത്(പ്രൊജക്ട് നം.323/21) | 2158800 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 25/28.3.31 |
| 4 | മുക്കത്ത പറമ്പ് റോഡ് പൈപ്പ് ലൈൻ നീട്ടൽ KWA യിൽ അടവാക്കിയത്(പ്രൊജക്ട് നം.255/21) | 110000 (തനത് ഫണ്ട്) | Vr.22000197/9.6.20 |
| 5 | പൂഴിക്കത്ത് കോളനി റോഡ് കട്ടിംഗും പൈപ്പ് ലൈൻ നീട്ടലും KWA യിൽ അടവാക്കിയത്(പ്രൊജക്ട് നം.257/21) | 170000 (തനത് ഫണ്ട്) | Vr.22000198/9.6.20 |
| | ആകെ | | 3738800 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10/28.10.21 നൽകിയെങ്കിലും ഹാജരാക്കിയില്ല. ചെലവ് തുക 3738800 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19-1 അംഗൻ വാടികളിൽ കുടിവെള്ള കണക്ഷൻ -വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 സെക്രട്ടറി നിർവ്വഹണം നടത്തിയ അംഗൻ വാടികളിൽ കുടിവെള്ള കണക്ഷനായി (പ്രൊജക്ട് നം.303/21) 90000 തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച് ( Vr.22000662/18.11.20 ) KWA യിൽ അടവാക്കിയിട്ടുണ്ട് .എന്നാൽ ആയതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10/28.10.21 നൽകിയെങ്കിലും ഹാജരാക്കിയില്ല. ചെലവ് തുക 90000 ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 കക്കൂസ് നവീകരണം-അപാകതകൾ

| പ്രോജക്റ്റിന്റെ പേര് | കക്കൂസ് നവീകരണം | കക്കൂസ് നവീകരണം |
|---|---|---|
| പ്രോജക്ട് നം. | 267/20-21 | 270/20-21 |
| തുക | 30000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്<br>20000/-<br>Cheque No.016887/23/07/20 | 92400/-<br>72000/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട്<br>Cheque No. 016888/23.12.2020 |

| | | |
|---|---|---|
| | 10000/-<br>Cheque No. 016890/31.03.21 | 20400/-<br>776286/23.12.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി. ഉഷാദേവി.കെ,<br>വി.ഇ.ഒ | ശ്രീമതി. ഉഷാദേവി.കെ,<br>വി.ഇ.ഒ |

പ്രോജക്ട് നം. 267/20-21 പ്രകാരം 6 പേർക്ക് 5000 /-രൂപ വീതം ആകെ 30000/-രൂപയും, പ്രോജക്ട് നം. 270/20-21 പ്രകാരം 6 പേർക്ക് 15400/- രൂപ വീതം 92400/-രൂപയും നല്കിയിട്ടുണ്ട്. ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. A.E/Overseer Valuation നടത്തിയിട്ടില്ല. മോണിറ്ററിംഗ് നടത്തിയിട്ടില്ല. കക്കൂസ് നിർമ്മാണത്തിന് എത്ര രൂപ ചെലവായെന്ന് ഫയലിൽ ലഭ്യമല്ല. ആയവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട നല്കിയ Audit Enquiry No. /19-20 Dated 26.10.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കോഴിവളർത്തൽ (വനിത) അപാകതകൾ.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | കോഴിവളർത്തൽ (വനിത) നം. 184/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| തുക | 555000/-<br>വികസന ഫണ്ട്(ജനറൽ)<br>141600/ Bill No.A5/20-21/18.01.21<br>157800/ Bill No.A6/20-21/18.01.21<br>146400/ Bill No.A7/20-21/18.01.21<br>109200/ Bill No.A9/20-21/15.02.21<br>555000/-<br>====== |

മേൽ പ്രോജക്ടിന് താഴെപ്പറയും പ്രകാരം മലബാർ പോൾട്രി ഫാമിൽ നിന്നും കോഴികുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം. തിയ്യതി | കോഴികുഞ്ഞുങ്ങളുടെ എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 260/16.10.20 | 1180 | 120 | 141600 |
| 292/24.12.20 | 1220 | 120 | 146400 |
| 291/20.12.20 | 1315 | 120 | 157800 |
| 298/27.01.21 | 910 | 120 | 109200 |
| ആകെ | 4625 | | 555000 |

അപാകതകൾ

1. കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്ററോ, കൈപ്പറ്റ് രശീതിയോ ഫയലിൽ ലഭ്യമല്ല.

2. സർക്കാർ കോഴി ഫാമുകൾ ഉണ്ടായിട്ടും എന്തുകൊണ്ടാണ് മലബാർ പോൾട്രി ഫാമിൽനിന്നും കോഴികുഞ്ഞുങ്ങളെ വാങ്ങിയെന്ന് വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ അംഗീകാരം ഉണ്ടോയെന്നും ഫയലിൽ നിന്നും ലഭ്യമല്ല.

4. 4625 കോഴികുഞ്ഞുങ്ങളെ വാങ്ങിയെങ്കിലും 2540 കോഴികുഞ്ഞുങ്ങൾക്ക് വാക്സിൻ നല്കിയതിന്റെ സർട്ടിഫിക്കറ്റാണ് ഫയലിൽ ഉള്ളത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിയിക്ക്(ഓഡിറ്റ് അന്വേഷണം നം. 12/28.10.2021) മറുപടിയായി (തിയ്യതി 28.10.2021)ഏതാനും കൈപ്പറ്റ് രശീതി ഹാജരാക്കിയെങ്കിലും അതിൽ വിതരണം ചെയ്ത ഗുണഭോക്താകളുടെ പേരും ചില ഗുണഭോക്താക്കളുടെ പേരും, ഒപ്പും മാത്രമാണുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഒരേ പേരുള്ള അനവധി ഗുണഭോക്താക്കൾ ഉള്ളതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണോ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തതെന്ന് വ്യക്തമല്ല. മുഴവൻ കോഴികുഞ്ഞുങ്ങൾക്കും വാക്സിൻ നല്കിയതിന്റെ രേഖയില്ല.സർക്കാർ കോഴിവളർത്തൽ കേന്ദ്രങ്ങളിൽ ആവശ്യത്തിന് കോഴി കുഞ്ഞുങ്ങളെ ലഭ്യമാവാത്തതിനാലാണ് സർക്കാർ അംഗീകാരമുള്ള മലബാർ പോൾട്രി ഫാമിൽനിന്നും കോഴികുഞ്ഞുങ്ങളെ വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള കോഴിക്കൂടുകളാണോ നിർമ്മിച്ചതെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിതരണ രജിസ്റ്റർ തുടർ വർഷങ്ങളിൽ പരിപാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 കോഴിവളർത്തൽ ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല-223300/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/നം. | കോഴി വളർത്തൽ<br>SO. 221/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| തുക | 223300<br>111650/-(വികസന ഫണ്ട്)<br>A3/20-21 Dated 15.04.2020<br>111650/-ഗുണഭോക്തൃ വിഹിതം<br>ചെക്ക് നം. 2769735 /27.03.2020 |

മേൽ പ്രോജക്ട് പ്രകാരം Malabar Poultry Farmm Mongam-ത്തിൽ നിന്നും Invoice No. 221 തിയ്യതി 18.02.2020 പ്രകാരം 110/-രൂപ നിരക്കിൽ 2030 കോഴികുഞ്ഞുങ്ങളെ 223300/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. (ആകെ തുക 223300/-രൂപ ഗുണഭോക്തൃ വിഹിതമായ 50% തുകയായ 111650/-രൂപ ഉൾപ്പെടെ) കോഴികുഞ്ഞുങ്ങളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതിയോ ഗുണഭോക്തൃലിസ്റ്റോ ലഭ്യമല്ല. ആയവ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(Audit Enquiry No. 19/20-21/29.10.2020) മറുപടിയായി വെറ്ററിനറി സർജൻ 30.10.2021ന് സമർപ്പിച്ച മറുപടിയിൽ 223300/-രൂപയുടെ ചെലവു രേഖകൾ ഇതോടൊപ്പം സമർപ്പിക്കുന്നു എന്ന് മറുപടിയിലൂടെ അറിയിച്ചുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 223300/- തടസ്സപ്പെടുത്തുന്നു

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 167പദ്ധതികൾ തയ്യാറാക്കിയതിൽ 137 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 41പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ മുഴവൻ പദ്ധതികളും തൻവർഷവും പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 167 | ആകെ അടങ്കൽ | 37498517 |
| നടപ്പിലാക്കിയത് | 137 | ചെലവ് | 26982869 |
| ശതമാനം | 82.03% | ചെലവ് ശതമാനം | 71.96% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വിഭജിക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഇല്ല.

പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം കളക്ഷൻ ചാർജ് ഈടാക്കിയില്ല.

1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V. ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല .

2020-21 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ മുഴവൻ ഈടാക്കിയില്ല

വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം (194/21) എന്ന പ്രവൃത്തി കരാർ പ്രകാരമുള്ള തീയ്യതിക്കകം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28.2.2019 ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 23.9.2019 ന് മാത്രമാണ്.

നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെ ബിൽ തുക നൽകിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 13/2020-21/28.10.2021 നൽകിയതിന്, രണ്ട് അംഗൻവാടികളുടെ സൈറ്റിൽ മരം മുറിക്കേണ്ടിയിരുന്നു എന്നും ആയതിന് കാലതാമസം നേരിട്ടു, കൂടാതെ പ്രസ്തുത സമയത്തെ ക്വാറി സമരം കാരണം മെറ്റീരിയൽ ലഭ്യമാകുന്നത് വൈകി എന്നീ കാരണങ്ങളാൽ കരാറുകാരന് പ്രവൃത്തി പൂർത്തീകരണ കാലാവധി 30.6.2019 ദീർഘിപ്പിച്ച് നൽകിയിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല

1. ഫയലിൽ ഉള്ളടക്കം ചെയ്ത കരാറുകാരന്റെ അപേക്ഷയിൽ ഒരു സൈറ്റിൽ മരം മുറിക്കാൻ താമസം നേരിടുകയും തുടർന്ന് കാലവർഷം ശക്തമായതിനാൽ മെറ്റീരിയൽസ് ലഭിക്കാൻ വൈകുകയും ചെയ്തു എന്നും ആയതിനാൽ പൂർത്തീകരണ കാലാവധി നീട്ടിത്തരണമെന്നുമാണ് അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ ഈ അപേക്ഷ ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

2. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 24.9.2018 ന് പ്രവൃത്തി ആരംഭിച്ച് 15.1.2019 വരെ തുടർച്ചയായി പ്രവൃത്തികൾ ചെയ്തു. ശേഷം 10.6.2019 നും പിന്നീട് 23.9.2019 നും മാത്രമാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ജനുവരി മുതൽ ജൂൺ വരെ ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. കാലവർഷം ശക്തമായതിനാൽ മെറ്റീരിയൽ കിട്ടാൻ വൈകി എന്ന കരാറുകാരന്റെ അപേക്ഷ വസ്തുതാ പരമല്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

3. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 4 അംഗൻവാടികളുടെ തുടർ പ്രവൃത്തികളും 10.6.2019 നും 23.9.2019 നും ചെയ്തിട്ടുണ്ട്. ഒരു അംഗൻവാടിയിൽ മരം മുറിക്കാൻ വൈകിയതിനാൽ പൂർത്തീകരണ കാലാവധി നീട്ടി നൽകി എന്നതും തെറ്റായ പരാമർശമാണ് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

4. പൊതുമരാമത്ത് മാന്വൽ പ്രകാരം ആദ്യ തവണ പൂർത്തീകരണ കാലാവധിയുടെ 25% ദിവസം മാത്രമാണ് (14.3.2019 വരെ) കാലാവധി നീട്ടി നൽകാനാവുക. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയും ഇവിടെ ലംഘിച്ചിട്ടുണ്ട്.

5. പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാത്തതിനാൽ 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ടിയിരുന്ന 646568 രൂപ ലാപ്സായിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|
| വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം ( 194/21)<br>ബിൽ 36/25.8.20 തുക 300000<br>ബിൽ 63/25.8.20 തുക 346568<br>അളവ് പുസ്തകം 78a/18-19 , 87/18-19<br>കരാറുകാരൻ ശ്രീ. ഷറഫുദ്ധീൻ<br>കരാർ. 69/11.9.2018<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>പൂർത്തീകരിക്കേണ്ട തീയ്യതി 28.2.2019<br>(എഗ്രിമെന്റ് രജിസ്റ്റർ പേജ് 51)<br>പൂർത്തീകരിച്ച തീയ്യതി 23.9.2019 | 1.3.19-30.6.19 (1%) Of PAC= 6466<br>1.7.19-22.9.19 12069<br>ആകെ 18535<br>പിഴ1.7.19-22.9.19 (2% Of PAC)<br>12931*84=12069<br>90 | 6466 | 12069 |

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതു മരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ

സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിൽ പരിശോധിച്ചു. | റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-2021 | 600000 | 168/21 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | | 276250 | 113/21 നെൽകൃഷി വികസനം | 276250 | 0 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 876250 | | 876250 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 300000 | 168/21 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 327250 | 113/21 നെൽകൃഷി വികസനം | 327250 | 0 |
| | ആകെ | 627250 | | 627250 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 258/21 ദുരന്ത നിവാരണത്തിന്റെ ഭാഗമായി പള്ളിയാൽ കുളമ്പ് മൃഗാശുപത്രി പൈപ്പ് ലൈൻ നീട്ടൽ | 9/21.08.2020 | 700000 | 700000 | ലഭ്യമല്ല | |
| ഭൂഗർഭ ജല വകുപ്പ് | 259/21 പി എച്ച് സി യിലെ കുഴൽ കിണർ | | 44774 | 20016 | പൂർത്തീകരിച്ച | 15.07.2021 ന് 24,758 രൂപ തിരികെ നൽകി |
| കേരള ജല അതോറിറ്റി | 319/21 വെങ്ങാട് ഇ എം എസ് കോളനിയിലേക്ക് പൈപ്പ് ലൈൻ | 24/28.03.2021 | 600000 | 600000 | ലഭ്യമല്ല | |
| കേരള ജല അതോറിറ്റി | 323/21 പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ | 25/28.03.2021 | 2158800 | 2158800 | ലഭ്യമല്ല | 0 |
| കേരള ജല അതോറിറ്റി | 255/21 മുക്കത്ത പറമ്പ് റോഡ് പൈപ്പ് ലൈൻ | 22000197/09.06.2020 | 110000 | 110000 | ലഭ്യമല്ല | 0 |
| കേരള ജല അതോറിറ്റി | 257/21 പൂഴിക്കുന്ന് കോളനി റോഡ് കട്ടിംഗും, പൈപ്പ് ലൈൻ നീട്ടലും | 22000198/09.06.2020 | 170000 | 170000 | ലഭ്യമല്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| കേരള ജല അതോറിറ്റി | 303/21 അംഗൻവാടികളിൽ കടിവെള്ള കണക്ഷൻ | 22000662/18.11.2020 | 90000 | 90000 | വിവരങ്ങൾ ലഭ്യമല്ല | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | കെ യു ആർ ഡി എഫ് സി | ---- | ------ | 2146059 | 409882 | ----- | 1736177 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16825575 |
| തൻവർഷം നിക്ഷേപിച്ച തുക | 1388105 |
| ആകെ | 18213680 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18213680 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരിന്തൽമണ്ണ, മൂർക്കനാട് ബ്രാഞ്ച് | 1214246 | 00012470 |
| | 1214246 | 00012469 |
| | 1214246 | 00012468 |
| | 1214246 | 00012467 |
| | 1214246 | 00012471 |
| അർബൺ കോ-ഓപ്പറേറ്റീവ് ബാങ്ക്, പെരിന്തൽമണ്ണ, കൊളത്തൂർ ബ്രാഞ്ച് | 1214245 | 01802579 |
| | 1214245 | 01802578 |
| | 1214245 | 01802577 |
| | 1214245 | 01802576 |
| | 1214245 | 01802575 |
| | 1214245 | 01802574 |
| | 1214245 | 01802573 |
| | 1214245 | 01802572 |

| | | |
|---|---|---|
| | 1214245 | 01802571 |
| | 1214245 | 01802570 |
| ആകെ | 18213680 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന് ട്രാക്ടർ-പദ്ധതിനിർവ്വഹണത്തിലെ അപാകത | നടപടി തുടരുന്നു. |
| | - | | 14 | ഓഫ്സെറ്റ് പ്രസ്സ് 7.5 ലക്ഷം നഷ്ടം | |
| 2016-17 | 2(1) | 2014-15 | | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2013-14,2014-15 | 3(1) | 2015-16 | | വെള്ളക്കരം അവലോകനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് നോട്ടീസ് നമ്പർ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2008-09 | 3-11 | എ സതീഷ് കുമാർ വി ഇ ഒ | LF17121/ SPL.CELL/ SC/D1/12 19-11-14 | 3671000 | | | | | | | 3671000 | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 2009-10, 10-11 | 3-10 (2) | കെപി രാമചന്ദ്രൻ വി ഇ ഒ | LF/12205 /SPL.CELL /CSC/D1 /14 25-9-15 | 20000 | | | | | | | 20000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82861341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 102820465 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4052100 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 980000<br>2758800 | സുധീഷ് ബാബു.ആർ ,സെക്രട്ടറി<br>ഗീത.പി.പി,സെക്രട്ടറി |
| 1-19-1 | 90000 | സുധീഷ് ബാബു .ആർ ,സെക്രട്ടറി |
| 1-23 | 223300 | ഡോ.റോബി വിദ്യാദരൻ,<br>മെഡിക്കൽ ഓഫീസർ, വെറ്ററിനറി |
| ആകെ | 4052100 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുധീഷ് ബാബു.ആർ, സെക്രട്ടറി | സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് | ശ്രീനിധി വീട്, വളാഞ്ചേരി പി.ഒ മലപ്പുറം ജില്ല-676552 |
| ശ്രീമതി. ഗീത.പി.പി, | അസി.സെക്രട്ടറി, കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം | മണിയേലി കോച്ചേരി, മുതുകാട് ലെയിൻ, മുപ്പത്തടം പി.ഒ.എറണാംകുളം. |
| ഡോ.റോബി വിദ്യാദരൻ, | മെഡിക്കൽ ഓഫീസർ, വെറ്ററിനറി, മൂർക്കനാട് | കൊച്ചു പാറ്റൂർ വീട്, കാര്യറ പി.ഒ, പുനലൂർ, കൊല്ലം. |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ, വെറ്ററിനറി | | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 93-94,94-95 | കെ.എസ്.എ.എം.പി.എം27/963/18(1) /23-5-18 | 2 |
| 1996-97 (ചെലവ്) | എൽ.എഫ്.എം13/3294/14/16-12-14 | 1 |
| 1996-97 (വരവ്) | കെ.എസ്.എ.എം.പി.എം27/963/18(2) /23-05-2018 | 2 |
| 1997-98 മുതൽ 2001-02 വരെ (പ്ലാൻ) | എൽ.എഫ്.എം13/3274/14/16-12-14 | 77 |
| 1997-98 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(3) /23-5-18 | 3 |
| 1998-99 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(4) /23-5-18 | 1 |
| 1999-2000 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(5) /23-5-18 | 1 |
| 2000-01 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(6) /23-5-18 | 3 |
| 2001-02 | കെ.എസ്.എ.എം.പി.എം27/963/18(7) /23-5-18 | 3 |
| 2002-03 | കെ.എസ്.എ.എം.പി.എം27/963/18(8) /23-5-18 | 8 |
| 2003-04 | കെ.എസ്.എ.എം.പി.എം27/963/18(10) /23-5-18 | 14 |
| 04-05 | കെ.എസ്.എ.എം.പി.എം27/963/18(10) /23-5-18 | 11 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം13/1483 /2014/11.02.16 | 21 |
| 2011-12, 2012-13 | എൽ.എഫ്.എം13/1557/14/18-5-2015 | 24 |
| 2015-16 | കെ.എസ്.എ.എം.പി.എം.27/2500 /16/06.03.2018 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.27/1880 /17/9.7.2018 | 27 |
| 2017-18 | കെഎസ് എ എം പി എം27/1942 /2018/04-06-2019 | 13 |
| 18-19 | കെ.എസ്.എ /എം.പി.എം27/2807/2019 /18-11-2020 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്